ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നിലവിൽ പ്രീ-എക്സാമിനേഷൻ ടെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്ന തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളേയും പട്ടികജാതി ജനവിഭാഗം കുറവായ വയനാട് ജില്ലയേയും ഒഴിവാക്കി ആലപ്പുഴ ഉൾപ്പെടെയുള്ള മറ്റ് ഒൻപത് ജില്ലകളിൽ പുതിയ മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

ഭവനനിർമ്മാണ പദ്ധതിക്കായി ചെലവഴിച്ച തുക

292(2761) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിനു വേണ്ടി ധനസഹായം നൽകുന്ന പദ്ധതിക്കായി 2015-16 ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്നും അതിൽ നിന്നും ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതിക്കായി 2015-16 ബഡ്ജറ്റിൽ സംസ്ഥാന വിഹിതമായി 129.93 കോടി രൂപയും ഒറ്റത്തവണ അധിക കേന്ദ്ര സഹായമായ 20.07 കോടി രൂപയും ചേർത്ത് ആകെ 150 കോടി രൂപ ഇതിന് വകയിരുത്തിയിട്ടുണ്ട്. ഇതിൽ 2015 നവംബർ 30 വരെ 134.69 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2015 നവംബർ 30 വരെ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ജില്ല	തുക (രൂപ കോടിയിൽ)
1	തിരുവനന്തപുരം	19.52
2	കൊല്ലം	15.25
3	പത്തനംതിട്ട	5.72
4	ആലപ്പുഴ	5.92
5	കോട്ടയം	6.83
6	ഇടുക്കി	6.93
7	എറണാകുളം	18.98
8	തൃശ്ശൂർ	16.42
9	പാലക്കാട്	10.65
10	മലപ്പുറം	7.93
11	കോഴിക്കോട്	10.72
12	വയനാട്	2.88
13	കണ്ണൂർ	3.36
14	കാസർഗോഡ്	3.58
	ആകെ	134.69

LIBRARY ARCHIVES Kerala Legislative Assembly